Finally, there are a few cut motions which refer to the executive acts of Government such as the delay in making available text books prescribed by appropriate bodies, the non-utilisation of the allotment set apart for the noon-day feeding of children and so on and so forth all relating to acts of commission and ommission on the part of the Government. These do not touch either the organisation of education or its contents and therefore they will have to be and can be dealt with only as they arise.

Questions relating to the revision of the Code are the subject matter of some cut motions which constitute another group. What I wish to say, Sir, at this stage is that the revision of the Code was undertaken with a view to a complete re-organisation of the system of education with regard to its substance, with regard to its mode of introgression and with regard to the personnel through which it is distributed; so that the revision of the Code is purely a monumental work and the ability, intelligence and the capacity of many distinguished men have gone to its making and it represents in a way the view of our experts with regard to the post-war re-orientation of education. In other words, Sir, the revised Code represents as far as we are concerned—I am speaking now for the Members of that Committee—our view of what education should be in the post-war period. I am sure that speaking for Government, I can say, that in passing orders on this epock-making document Government will keep steadily in view their own idea of post-war education development. That is why orders are being delayed and I am also equally certain that the views expressed by this House will be available for Government before they pass orders on the revised Code. I think the delay is to our advantage so that we can now have the opinion of the Hon'ble Members as well. I do not propose to make my speech longer particularly in view of the fact that there is a very large number of cut motions and there are a number of demands waiting. I, therefore, request again that this House will be pleased to grant a sum of Rs. 37,13,969 under "21—Education".

CUT MOTION No. 34

Non-availability of Text book in time

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, ന ഒ, ഫ ന, ൻ ന്യൻക. ആവശ്യപ്പെട്ടകൊണ്ടുള്ള എഡ്യൂക്കേഷൻ മെമ്പരുടെ പ്രസംഗം ഞങ്ങൾ കേട്ടു. അതിൽ ഫ, ഫ ന്യ, ൻ വ്യ ക. അദ്ദേഹത്തിന്റെ പ്രവർത്തനത്തിനു് അതായതു് ഡയറക്ഷൻ ആൻഡ് ഇൻസ്പെക്ഷനുള്ള താണു്. അതിൽ ഒരുപ്പിക കുറക്കണമെന്നേ ഞാൻ ആവശ്യപ്പെടുന്നുള്ളു. ഈ പ്രമേയത്തെക്കുറിച്ചു ചുരുക്കിപ്പറയുവാനാണു്. ഈ വിഷയത്തെക്കുറിച്ചു ഗൌരവമായി ആലോചിക്കുമ്പോൾ ഒരു ഉറപ്പിക കുറക്കണമെന്നുള്ളതു്, മാറണമെന്നാണു് എനിക്കു തോന്നുന്നതു്. പലവിധത്തിലുള്ള യുദ്ധാനന്തരപദ്ധതികളെപ്പറ്റിയും ഏഴെട്ടുദിവസമായി എനിക്കു കേൾക്കുവാൻ സംഗതിയായി. അതിലൊന്നാണു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമെമ്പരുടെ അധീനത്തിൽ വന്നുചേർന്നിട്ടുള്ള ടെയിനിംഗ് കോളേജു്. ആ ടെയിനിംഗ് കോളേജിന്റെ ആവശ്യത്തെപ്പറ്റി എനിക്കു ആദ്യം വളരെ സംശയമുണ്ടായിരുന്നു. ഇതിനുമുമ്പു് നമ്മുടെ ഗ്രാഡ്വേറ്റ് അദ്ധ്യാപകന്മാർ മൈസൂർ, മദ്രാസ്സ് മുതലായ സംസ്ഥാനങ്ങളിൽ പോയി ടെയിനിംഗ് കഴിച്ചുവന്നിരുന്നു. പക്ഷെ, പുസ്തകമില്ലാതെ കുട്ടികളെ പഠിക്കുവാനുള്ള അദ്ധ്യാപകന്മാരെ ടെയിനിംഗ് ചെയ്യേണ്ട ഒരു ഘട്ടം വന്നിരിക്കുന്നതിനാൽ അതിനുവേണ്ടിയെങ്കിലും ടെയിനിംഗ് കോളേജ് ഇവിടെത്തന്നെ ഉണ്ടാകാതെ നിവൃത്തിയില്ല. അതുകൊണ്ടാണു് ഇവിടേയും ഒരു സ്ഥാപനം ഉണ്ടാകേണ്ടതെന്നു് വിചാരിക്കുന്നതു്. മൈസൂരിലും മദ്രാസിലും പോയാൽ പുസ്തകം നോക്കി പഠിക്കുവാനുള്ള ടെയിനിംഗ് ആയിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. ഒരുപക്ഷെ, അതിനുവേണ്ടിയായിരിക്കും ഇവിടേയും ഒരു കോളേജ് തുടങ്ങിയിരിക്കുന്നതു്. സർ, നമ്മുടെ രാജ്യത്തുള്ള വിദ്യാലയങ്ങൾ തുറന്നിട്ടു് ഇന്നേക്കു് രണ്ടുമാസമായിട്ടുണ്ടു്. ആ വിദ്യാലയങ്ങളുടെ ആവശ്യത്തിനു് ന ഒ, ഫ ന, ൻ ന്യൻക. നാം അനുവദിക്കുവാനാണു് പോകുന്നതു്. വിദ്യാലയങ്ങളുടെ ഉപയോഗത്തിനുള്ള മിക്ക പാഠപുസ്തകങ്ങളും സ്റ്റോക്ക് തുറന്നു വളരെ ദിവസം കഴിഞ്ഞിട്ടാണു് കിട്ടീട്ടുള്ളതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: കിട്ടീട്ടില്ല.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: മിക്ക പുസ്തകങ്ങളുമില്ല. ചില പുസ്തകങ്ങൾ മാത്രമേ കിട്ടീട്ടുള്ളു. അതും വളരെ താമസിച്ചാണു് കിട്ടീട്ടുള്ളതെന്നു ഈ സഭയിലെ മിക്ക മെമ്പർമാർക്കും അറിയാമെന്നാണു് തോന്നുന്നതു്. എന്നാൽ ചില പാഠപുസ്തകങ്ങൾ ഇനിയും കിട്ടിക്കഴിഞ്ഞിട്ടില്ല. ഇതു വളരെ ആക്ഷേപകരമായ ഒരു സ്ഥിതിയെയാണു കുറിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ണ്ട്. ഇതിനുള്ള കാരണക്കാരൻ ആരായാലുംശരി, ആ കാരണക്കാരൻ വേറെ ചിലരാണെന്ന് പറയുവാൻ വേണ്ടി വിദ്യാഭ്യാസമെമ്പർ തന്റെ പ്രസംഗത്തിൽ പലതും പറയുകയുണ്ടായി. കോഡ് റിവിഷൻ കമ്മീറ്റിയുടെ നിലയിലും, സ്വന്തം നിലയിലും, വേറെ ചില കമ്മിറ്റികൾക്ക വേണ്ടിയും അദ്ദേഹം സംസാരിക്കയുണ്ടായി.

പാഠപുസ്തകങ്ങൾ കിട്ടാതെയിരിക്കുന്നതിനുള്ള കാരണക്കാരൻ ആരായാലും ശരി, അതിനുള്ള കാരണങ്ങൾ എന്തുതന്നെയായാലുംശരി ഈ സംഗതി ഈ സഭയുടേയും, ഗവമ്മെണ്ടിന്റേയും ശ്രദ്ധയിൽ കൊണ്ടുവരാതെ നിവൃത്തിയില്ലയെന്നു പറയേണ്ടിയിരിക്കുന്നു. അതു് ഏറ്റവും വലിയ ഒരു തെറ്റാണു് ഈ കാര്യത്തിൽ ചെയ്തിട്ടുള്ളതു്. അടുത്തു അവതരിപ്പിക്കുവാൻ പോകുന്ന പ്രമേയത്തിൽ പുസ്തകങ്ങളെപ്പറ്റിയും, വിദ്യാലയങ്ങളുടെ ആവശ്യത്തെപ്പറ്റിയും പറയുന്നുണ്ട്. ഇതെല്ലാം ഈ സംഗതിക്ക് ബാധകമായിട്ടുള്ളതാണു്. ഇതിനുള്ള കാരണം എന്താണെന്നുള്ള ഒരു തീർപ്പുചെയ്യ ഈവക ബുദ്ധിമുട്ടുകൾക്ക് ഒരു അവസാനമായ തീരുമാനം ഉണ്ടാക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. പാഠപുസ്തകങ്ങളെ സംബന്ധിച്ചു് വളരെക്കാലം മുമ്പുതന്നെ ഒരുതരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ ആക്ഷേപങ്ങളുണ്ടായിട്ടുണ്ട്. പാഠപുസ്തകങ്ങൾ നിശ്ചയിക്കുവാൻവേണ്ടി, അതിനു പ്രാപ്തിയും വിദഗ്ധമായ പരിജ്ഞാനവുള്ള സ്വയം പരിപൂർണ്ണമായ ഒരു സമിതി പ്രവർത്തിക്കാതെയിരിക്കുന്നതു കൊണ്ടാണു് ഈ ദോഷം അധികം ഉണ്ടായതെന്നു ഞാൻ വിചാരിക്കുന്നതു്.

റാവു സാഹിബ് കെ. അയ്യപ്പൻ: ബുക്ക് കിട്ടാൻ താമസിച്ചുപോകുന്നതോ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ടെക്സ്റ്റ് ബുക്ക കമ്മിറ്റിക്ക ബുക്കുകൾ ഏതാണു് വേണ്ടതെന്നു പറയുവാനുള്ള അധികാരമില്ല. പുസ്തകം അപ്രൂവ് ചെയ്യുവാനുള്ള അധികാരമേയുള്ള. ഇതിന്റെയുള്ളിൽ വേറെയൊരു കമ്മിറ്റിയുണ്ട്. ആ കമ്മിറ്റിയാണു് പുസ്തകങ്ങൾ നിശ്ചയിക്കുന്നതു്. എന്നാൽ ഈ കമ്മിറ്റിക്കാരുടെ അടുത്തു് പുസ്തകക്കച്ചവടക്കാർ ചെന്നു് പലവിധത്തിൽ അവരെ ബുദ്ധിമുട്ടിക്കാറുണ്ടെന്നു് എനിക്കറിയാം. അവരുടെ സേവക്കു് കമ്മിറ്റിക്കാർ വഴങ്ങാറുണ്ടെന്നല്ലാ ഞാൻ പറയുന്നതു്. കമ്മിറ്റിക്കാർ നിശ്ചയിച്ച തീരുമാനത്തിൽ ചിലപ്പോൾ ഗവമ്മെണ്ടു് ഇടപെടാറുണ്ടു്. ഇങ്ങിനെ ഗവമ്മെണ്ടു്, അതിന്റെ സ്ഥിതി ആലോചിക്കണമെന്നുണ്ടെങ്കിൽ അശക്തമായ ഒരു ഗവമ്മെണ്ടു്, ഈ കാര്യത്തിൽ ഇടപെടുന്നതുകൊണ്ടാണു് പലപ്പോഴും ബുദ്ധിമുട്ടുകൾ നേരിടുന്നതു്. വിദ്യാലയം തുറക്കുമ്പോൾ കൂടികൂടി ഉപയോഗിക്കേണ്ടതായ പുസ്തകങ്ങൾ ഏതാണെന്നു് ആറേഴുമാസത്തിനുമുമ്പു് തീരുമാനിക്കേണ്ടതു് ആവശ്യമാണു്. അങ്ങിനെ തീരുമാനിച്ച ആ പുസ്തകങ്ങൾ വിദ്യാലയം തുറക്കുന്നതിനു രണ്ടുമൂന്നുമാസം മുമ്പു് തയ്യാറായിട്ടുണ്ടെന്നു് വിദ്യാഭ്യാസഡയറക്ടർക്ക് അറിവുകൊടുക്കേണ്ടതും, ബോദ്ധ്യപ്പെടുത്തേണ്ടതും പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തുന്നവരുടെ ചുമതലയാണു്. ആ അവധിയനുസരിച്ചു ചെയ്യുവാൻ അവർ തയ്യാറായിട്ടില്ലയെന്നുണ്ടെങ്കിൽ അതു അച്ചടിച്ചുകിട്ടുവാൻ ഒരു അവധിവെച്ചു് ആ കാര്യം തീരുമാനിക്കേണ്ടതാണു്. പുസ്തകങ്ങൾ ടെക്സ്റ്റ് ബുക്ക് കമ്മിറ്റി തീർച്ചയാക്കിക്കഴിഞ്ഞാൽ ഉടമസ്ഥന്മാരും മറ്റും പലവിധത്തിലുള്ള ആവലാധികൾ കൊണ്ടുചെന്നു് ഒരിക്കൽ ചെയ്ത തീർപ്പു് പിന്നെയും മാറ്റം. അങ്ങിനെ മാറ്റുന്നതു ചിലപ്പോൾ സ്കൂൾ തുറന്നതിനുശേഷമായിരിക്കും. ഈ കടലാസ്സിനു ക്ഷാമവും, അച്ചടിക്കുവാൻ പ്രസ്സിൽ വളരെ തിക്കും തിരക്കുമുള്ള ഈ കാലത്തു് തക്കസമയത്തു പുസ്തകങ്ങൾ വിതരണംചെയ്യുവാൻ സാധിച്ചുവെന്നുവരികയില്ല. ഈവക ബുദ്ധിമുട്ടുകളൊക്കെ തീർക്കണം. സ്കൂൾഫൈനൽ ക്ലാസ്സിൽ ഇവിടെ പഠിപ്പിക്കുന്ന പുസ്തകങ്ങളെല്ലാം മദ്രാസ് യൂണിവേഴ്സിറ്റി പ്രസിദ്ധപ്പെടുത്തുന്ന പുസ്തകങ്ങൾ തന്നെ വേണമെന്നാണു് വെപ്പു്. അങ്ങിനെ ഒരു നിർബ്ബന്ധമില്ലെന്നാണു് ഞാൻ അറിയുന്നതു്. അങ്ങിനെ ഒരു നിർബ്ബന്ധമില്ലാത്തനിലക്ക് മദ്രാസ് യൂണിവേഴ്സിറ്റി അച്ചടിപ്പിച്ചു പുസ്തകം പുറത്തുവരുന്നതു കാത്തുകൊണ്ടിരിക്കേണ്ട ഒരു ആവശ്യം കൊച്ചിയിലെ വിദ്യാലയങ്ങൾക്കില്ല. എന്റെ അറിവു ശരിയാണെന്നുണ്ടെങ്കിൽ കൊച്ചിയിലും, മദ്രാസ് സംസ്ഥാനത്തിലെ ജില്ലകളിലും സ്കൂൾ തുറക്കുന്നതു് ഒരേസമയത്തല്ല. കൊച്ചിയിൽ തുറന്നുകഴിഞ്ഞു് കുറെ കഴിഞ്ഞിട്ടാണു് അവിടെ സ്കൂൾ തുറക്കുന്നതെന്നു തോന്നുന്നു. അവിടെ പുസ്തകങ്ങൾ തയ്യാറാക്കുന്നതു് അവരുടെ ആവശ്യത്തിനുവേണ്ടിയാണു്. മദ്രാസ് സർവ്വകലാശാലയുടെ വാലിന്മേൽ തൂങ്ങിയിരിക്കുന്നതുകാരണം ഇവിടത്തെ അദ്ധ്യാപകന്മാരും അദ്ധ്യേതാക്കളും കാത്തുനിൽക്കേണ്ടിവരുന്നുണ്ടു്. സ്കൂൾഫൈനൽ ക്ലാസ്സിലേക്കുള്ള പുസ്തകങ്ങൾ ഒരാഴ്ച മുമ്പാണു് ഇവിടെ കിട്ടിയതെന്നും, അതുതന്നെ വേണ്ടിടത്തോളം കിട്ടിക്കഴിഞ്ഞിട്ടില്ലെന്നുമാണു് ഞാനറിയുന്നതു്. രണ്ടുമാസമാ

LIBRARY ARCHIVES Kerala Legislative Assembly

യിട്ടും പുസ്തകങ്ങൾ ഇനിയും കിട്ടീട്ടില്ലെന്നുള്ള ദുരവസ്ഥയെ ആലോചിക്കുമ്പോൾ ഗവണ്മെണ്ടിനെ ഈ കാര്യത്തിൽ നമുക്ക് ആക്ഷേപിക്കാതെ നിവൃത്തിയില്ല. ഇതിനെക്കുറിച്ച് ഇനി കൂടുതലായ ഒരു പ്രസംഗം വേണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ പരിതഃസ്ഥിതിയെ ഗവണ്മെണ്ടിന്റേയും ഈ സഭയുടേയും ദൃഷ്ടിയിൽ കൊണ്ടുവരുവാൻ വേണ്ടിയാണ് ഉപക്ഷേപം. അതുകൊണ്ട് ഞാൻ ഈ ഉപക്ഷേപത്തെ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

മിസ്സ് ആനി ജോസഫ്: സർ, പൊതുജനങ്ങൾ വലിയവരെന്നു പറയപ്പെട്ടവരെ ആക്ഷേപിക്കണമെന്നുള്ള നിർബ്ബന്ധംകൊണ്ടല്ല, കുട്ടികളുടെ പരമാർത്ഥത്തിലുള്ള ബുദ്ധിമുട്ടുകൾ കണ്ടതുകൊണ്ടും ഉത്തരവാദപ്പെട്ടവരുടെ നിരുത്തരവാദിത്വത്തിൽ എനിക്കുള്ള അത്ഭുതം കൊണ്ടുമാണ് ഞാൻ ഈ വാദപ്രതിവാദത്തിൽ പങ്കെടുക്കാമെന്നു വിചാരിച്ചതു്. പരമാർത്ഥത്തിൽ സമയാസമയങ്ങളിൽ പുസ്തകങ്ങളും മറ്റു സാധനസാമഗ്രികളും കുട്ടികൾക്കു് ആവശ്യത്തിനു കിട്ടുന്നില്ലെന്നുള്ള പരാതി ഇന്നും ഇന്നലെയുമല്ല, വളരെക്കാലമായി ഞാൻ കേട്ടുവന്നിട്ടുള്ളതും, കേട്ടുവരുന്നതും, അനുഭവിച്ചിട്ടുള്ളതുമാണു്. എന്നാൽ അതിനു് ഇതേവരെ ഒരു പരിഹാരമുണ്ടായിട്ടില്ലാത്തതിൽ എനിക്കു വളരെ അത്ഭുതം തോന്നുന്നുണ്ടു്. ഇക്കൊല്ലം അങ്ങിനെയുള്ള ബുദ്ധിമുട്ടും കഷ്ടപ്പാടും വളരെ വർദ്ധിച്ചിരിക്കുകയാണു്. എന്റെ അറിവു ശരിയാണെങ്കിൽ, അതിനു രണ്ടുമൂന്നു കാരണങ്ങളുണ്ടു്.

ഒന്നാമതായി എനിക്കു തോന്നുന്ന ബുദ്ധിമുട്ടു് എന്താണെന്നു പറയാം. ഇക്കൊല്ലം ഇടവമാസം ൨൫-ാംനു-യാണു് സ്കൂളുകൾ തുറന്നതു്. മിഥുനമാസം ൨-ാംനു-യാണു്, ഏതേതു പുസ്തകങ്ങളാണു് ഓരോ ക്ലാസുകളിലേയും കുട്ടികൾ ഉപയോഗിക്കേണ്ടതെന്നു് ഗവണ്മെണ്ടു ഗസറ്റിൽ പ്രസിദ്ധംചെയ്തിട്ടുള്ളതു്. സ്കൂൾ തുറന്നു ൧൦ ദിവസം കഴിഞ്ഞിട്ടാണു് ഇന്നയിന്ന പുസ്തകങ്ങൾ പഠിപ്പിക്കണമെന്നു് അദ്ധ്യാപകന്മാരേയും കുട്ടികളേയും അറിയിച്ചിട്ടുള്ളതു്. ആ വിവരം മുൻകൂട്ടി പ്രസാധകന്മാർ അറിഞ്ഞിട്ടുണ്ടോ എന്നു നിശ്ചയമില്ല. അറിഞ്ഞിട്ടുണ്ടെങ്കിൽ പുസ്തകങ്ങളും മറ്റു സാധനങ്ങളും എന്തൊക്കെയാണെന്നു കണ്ടുപിടിച്ചു് പുസ്തകങ്ങളുണ്ടാക്കേണ്ട ക്രമതല അവർക്കുണ്ടു്. സ്കൂൾ തുറന്നതിനുശേഷം ഏതേതു പുസ്തകങ്ങളാണു് അച്ചടിക്കേണ്ടതെന്നുള്ളതിനെപ്പറ്റി പ്രസാധകന്മാർക്കും, ഏതെല്ലാം പുസ്തകങ്ങളാണു് കുട്ടികളെ പഠിപ്പിക്കേണ്ടതെന്നു് അദ്ധ്യാപകന്മാർക്കും, പഠിക്കേണ്ട പുസ്തകങ്ങളെന്തൊക്കെയാണെന്നു് കുട്ടികൾക്കും അറിയുവാൻ സാധിക്കുന്നില്ല. അതുകൊണ്ടു് പ്രസാധകന്മാർക്കു ചിലപ്പോഴും അദ്ധ്യാപകന്മാർക്കും കുട്ടികൾക്കും തീർച്ചയായും പുസ്തകങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ അറിയുവാൻ സാധിക്കാതെവരുന്നുണ്ടു്. പുസ്തകങ്ങൾ കാലക്രമത്തിൽ തിരഞ്ഞെടുത്തു പബ്ലിഷ് ചെയ്യുവാൻ സാധിച്ചില്ലെങ്കിൽ വേണ്ടപോലെ വേണ്ടസമയത്തു നടത്തുവാൻ സാദ്ധ്യമല്ല. ചില പുസ്തകങ്ങൾ അഞ്ചും ആറും കൊല്ലങ്ങളിലേക്കു മതിയാകുമെന്നുള്ളതു് അച്ചടിശാലക്കാർക്കു അറിയാം. അങ്ങിനെയുള്ള പുസ്തകങ്ങളെങ്കിലും മുൻകൂട്ടി അച്ചടിച്ചു തയ്യാറാക്കിക്കേണ്ട ക്രമതല വകുപ്പുദ്ധ്യക്ഷനുണ്ടു്. അച്ചടിശാലക്കാർക്കു കടലാസ്സു കിട്ടുന്നതിനും കുറെ ബുദ്ധിമുട്ടുണ്ടു്. അതാണു് രണ്ടാമത്തെ പ്രധാനമായ കാരണം. പുസ്തകം വില്ക്കുന്നവർക്കു ന്യായമായ ആദായം കൊടുക്കുന്നതിനുള്ള ഒരു തോതു് നമ്മുടെ ഗവണ്മെണ്ടു നിശ്ചയിച്ചിട്ടില്ല. മദ്രാസ് ഗവണ്മെണ്ടു് പത്തുമുതൽ പതിനഞ്ചുവരെ ശതമാനം ആദായം അവിടത്തെ പുസ്തകക്കച്ചവടക്കാർക്കു കൊടുക്കണമെന്നു തീരുമാനിച്ചിട്ടുണ്ടു്. അങ്ങിനെയുള്ള ഒരു നിർബ്ബന്ധം നമ്മുടെ രാജ്യത്തില്ല. ഇവിടെ ഏറ്റവുമധികം ആദായമായി കച്ചവടക്കാർക്കു കൊടുത്തുവരുന്നതു് ൨൦ ശതമാനമാണു്. അതും കൊടുക്കണമെന്നുള്ള ഒരു നിർബ്ബന്ധം ഇവിടത്തെ ഗവണ്മെണ്ടിനില്ല. തിരുവിതാംകൂറിലെ ഒരു പുസ്തകക്കച്ചവടക്കാരൻ എറണാകുളത്തേക്കോ ഈ രാജ്യത്തിന്റെ വല്ല മൂലയിലോ പുസ്തകങ്ങൾ എത്തിക്കണമെങ്കിൽ അയാൾക്കു കിട്ടുന്ന ശതമാനം പൂജ്യം മുതൽ പത്തുവരെയാണു്. പണം മാത്രം ആദായമായി ഉദ്ദേശിക്കുന്ന പുസ്തകക്കച്ചവടക്കാർ—എല്ലാ കച്ചവടക്കാരും അങ്ങനെയാണു്—ആദായമില്ലാത്ത ഏർപ്പാടിൽ പെടുമെന്നോ കുട്ടികളുടെ വിദ്യാഭ്യാസത്തിനും അവരുടെ സംസ്കാരത്തിനും വേണ്ടി അത്രത്തോളം ഉത്സാഹിക്കുമെന്നോ, വേണ്ടസമയത്തു വേണ്ടപോലെ പ്രവൃത്തിച്ചു് കുട്ടികൾക്കു പുസ്തകങ്ങൾ നൽകുവാൻ ശ്രമിക്കുമെന്നോ ഊഹിക്കുവാൻപോലും സാദ്ധ്യമല്ല. എന്നാൽ വില കുട്ടി വില്ക്കുവാനും കച്ചവടക്കാർക്കു് അധികാരമില്ല. ഇങ്ങിനെ പലവിധത്തിൽ കുട്ടികൾക്കു ബുദ്ധിമുട്ടു്, കഷ്ടപ്പെടുന്നവർ അദ്ധ്യക്ഷന്മാരും, വിഷമിക്കുന്നവർ അദ്ധ്യാപകന്മാരുമാകുന്നു. ഗവണ്മെണ്ടിൽനിന്നും ഇന്നയിന്ന പുസ്തകങ്ങൾ ഇന്നയിന്ന ക്ലാസ്സുകളിൽ പഠിപ്പിക്കണമെന്നു നിശ്ചയിക്കുവാൻ താമസിക്കുക, കുട്ടികൾക്കു പുസ്തകങ്ങൾ കൊടുക്കുവാൻ കച്ചവടക്കാരെ

LIBRARY ARCHIVES Kerala Legislative Assembly

എല്ലിക്കുന്ന കായ്ത്തിൽ പ്രസാധകന്മാരെ നിബ്ബന്ധിക്കാതിരിക്കുക മുതലായ ചില കാരണങ്ങൾകൊണ്ടാണു് അദ്ധ്യേതാക്കൾക്കു പുസ്തകങ്ങൾ വേണ്ടസമയത്തു വേണ്ടപോലെ കിട്ടാതെ വന്നിട്ടുള്ളതു്. തോന്നിയതു തോന്നുന്നതുപോലെ നടത്തുന്നതിലല്ല വേണ്ടതു വേണ്ടസമയത്തു വേണ്ടപോലെ നടത്തുകയാണു് ആവശ്യം എന്നാണു് എന്റെ അഭിപ്രായം. ഇടവമാസം ഒടുവിലാണു് ഇവിടെ സ്കൂൾ തുറക്കുന്നതു്. ഒരാൾക്കു് ഹാർട്ട്ഡിസീസ വന്നു പെട്ടെന്നു മരിച്ചുപോയതുപോലെ അവിചാരിതമായ ഒരു സംഭവമാണു് ഇടവമാസത്തിലെ സ്കൂൾ തുറക്കൽ. കുട്ടികൾക്കാവശ്യമുള്ള പുസ്തകം മുതലായ സാധനങ്ങൾ കിട്ടുവാൻവേണ്ടി മുൻകൂട്ടി ആലോചിക്കാൻ സാധിക്കാത്ത ഒരു സംഭവമാണു് സ്കൂൾ തുറക്കൽ. ഇടവമാസം ഒടുവിൽ സ്കൂൾ തുറക്കുമെന്നുള്ളതു് എല്ലാവർക്കും ഒന്നുപോലെ പകൽപോലെ നിശ്ചയമുള്ള ഒരു കായ്മാണു്. ഇടവം വ-ാംനു-യായാൽ "സ്കൂൾ തുറന്നു അല്ലേ?" എന്നു ചോദിച്ചുകൊണ്ടു കുട്ടികൾ ഓടിത്തുടങ്ങും. വ-ാംനു-സ്കൂൾതുറക്കുമെന്നു പറയാതെതന്നെ ഏവർക്കും അറിയാമെങ്കിലും ആ ചോദ്യംകൊണ്ടു കുട്ടികൾ പുസ്തകം കിട്ടാനും മറ്റുമുള്ള വൈഷമ്യങ്ങൾ അനുഭവിക്കാനിടവരാവുന്ന സംഭ്രമമാണു് കാണിക്കുന്നതെന്നു വ്യക്തമാണു്. തീച്ചയായും സ്കൂൾ തുറന്നുകഴിഞ്ഞാൽ കുട്ടികൾക്കു വിചാരിച്ചിരിക്കാത്ത വിധത്തിലുള്ള പല ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും അനുഭവിക്കാനിടയാകും. അതോടൊപ്പംതന്നെ അവരെ പഠിപ്പിക്കുന്ന അദ്ധ്യാപകന്മാർക്കും മാതാപിതാക്കന്മാർക്കും മാത്രമേ അതിന്റെ വേദന തോന്നുകയുള്ളൂ. അവരുടെ കഷ്ടതകൾ എത്രത്തോളമുണ്ടെന്നു മനസ്സിലാക്കുവാൻ ഗവർമ്മെണ്ടിനു തോന്നാത്തതിൽ മാത്രമേ എനിക്കുത്തരമുള്ളൂ. ഇങ്ങിനെയുള്ള ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും ഗവർമ്മെണ്ടിന്റെ അശ്രദ്ധകൊണ്ടു്, വകുപ്പദ്ധ്യക്ഷന്റെ നിരുത്തരവാദിത്വംകൊണ്ടു്, കൺട്രോൾ നിയമത്തിന്റെ ക്രമമില്ലായ്മകൊണ്ടു് ഉണ്ടാകുന്നുണ്ടെന്നു പറയാതെ തരമില്ല. അതിനു് ഒറ്റ ഒരു ഉദാഹരണം പറയാം.

സ്കൂൾ തുറന്നുകഴിഞ്ഞാൽ കുട്ടികൾക്കു പുസ്തകങ്ങൾ വേണം, കടലാസു വേണം, പെൻസിൽ വേണം. തൃശ്ശിവപേരൂരിൽ ഉള്ള വിക്ടറി ഷാപ്പിൽ ഒരുകെട്ടു പെൻസിൽ വന്നിരിക്കുന്ന വിവരം അറിഞ്ഞു വാങ്ങുവാൻ ചെന്നു. ഒരു പെൻസിൽ വേണമെന്നു ആവശ്യപ്പെട്ടപ്പോൾ "പെട്ടി പൊട്ടിച്ചിട്ടില്ല, പൊട്ടിച്ചു വില്ക്കുവാൻ സപ്ലൈ ഡിപ്പാർട്ടുമെണ്ടിന്റെ അനുവാദം കിട്ടീട്ടില്ല, പെൻസിലിനു കൺട്രോളുണ്ടു്" എന്നാണു് പറഞ്ഞതു്. വാസ്തവത്തിൽ അതിനു് വിക്ടറി ഷാപ്പെന്നല്ല, ഫെയിലിയർ ഷാപ്പു എന്നു വേണം പേരുപറയുവാൻ! പെൻസിലിനുകൂടിയും കൺട്രോൾ വെച്ചിരിക്കുന്നു!! പേപ്പർ കൺട്രോൾ, പെൻസിൽ കൺട്രോൾ ഇങ്ങിനെ ആവശ്യമുള്ള ഏതിനും കൺട്രോൾതന്നെ. പെൻസിൽ, കടലാസു് തുടങ്ങി കുട്ടികൾക്കാവശ്യമായ സാധനങ്ങൾക്കുള്ള കൺട്രോൾ എടുത്തു നേരം വെളുത്താൽ വൈകുന്നതുവരേയും വൈകുന്നേരം മുതൽ വെളുപ്പിനുവരേയും കൺട്രോൾ ചെയ്തുകൊണ്ടു് ബുദ്ധിമുട്ടുന്ന ഫുഡ് ഡിപ്പാർട്ടുമെണ്ടിൽനിന്നു കുട്ടികൾക്കാവശ്യമുള്ള ഈ വക സാധനങ്ങൾ മാത്രം വേർതിരിച്ചു മറ്റുള്ളവരെ എല്ലിച്ചാൽ എന്താണു് കുഴപ്പമുള്ളതെന്നു മനസ്സിലാകുന്നില്ല. അതിനു് അദ്ദേഹം അനുവദിച്ചുകൊടുത്താൽ ഈ നിർബ്ബന്ധത്തിന്റെ ബുദ്ധിമുട്ടു കുറയുകയും ചെയ്യും. ബഹുമാനപ്പെട്ട എറണാകുളം മെമ്പർ പറഞ്ഞതുപോലെ രണ്ടുമൂന്നു മാസമില്ലെങ്കിലും ഒരു മാസം മുമ്പായിട്ടു കുട്ടികൾക്കാവശ്യമുള്ള സകല പുസ്തകങ്ങളും തയ്യാറാക്കുവാനുള്ള ഏർപ്പാടുകൾ ചെയ്യണമെന്നാണു് എനിക്കു പറയുവാനുള്ളതു്. പുസ്തകങ്ങളും മറ്റും ശരിക്കു കിട്ടാത്തതിനുള്ള താമസം ഈ മൂന്നു പരിതസ്ഥിതികൾകൊണ്ടാണു് ഉണ്ടാകുന്നതു്. ആദ്യമായതോടുകൂടി പുസ്തകങ്ങൾ വില്ക്കുവാനുള്ള ഏർപ്പാടുകൾ പുസ്തകക്കച്ചവടക്കാർക്കു ചെയ്തുകൊടുക്കണം. അതു സംബന്ധിച്ചുള്ള കായ്ങ്ങൾ ശരിയായി നടക്കുന്നുണ്ടോ എന്നു മാത്രം വകുപ്പദ്ധ്യക്ഷൻ അന്വേഷിച്ചാൽ മതി. പെൻസിൽ, കടലാസു് മുതലായ കൺട്രോൾ ആവശ്യമില്ലാത്ത സാധനങ്ങൾ വില്ക്കുവാൻ പരിപൂർണ്ണഅധികാരത്തോടുകൂടി കച്ചവടക്കാർക്കു വിട്ടുകൊടുത്താൽമതി. നമ്മുടെ കായ്ങ്ങളെല്ലാം ഭംഗിയായി നടക്കുകയും ചെയ്യും. ഇത്രയും പറഞ്ഞുകൊണ്ടു് ഞാൻ ശക്തിയായി ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

* മിസ്റ്റർ പി. നാരായണമേനോൻ: ബഹുമാനപ്പെട്ട പ്രജാമണ്ഡലം നേതാവിന്റെ ഈ ഖണ്ഡനോപക്ഷേപം കണ്ടപ്പോൾ ഇതിനെ അനുകൂലിക്കുകയോ, പ്രതികൂലിക്കുകയോ എന്താണു് ചെയ്യേണ്ടതു് എന്നുള്ളതിനെക്കുറിച്ചു ഞാൻ ഗൌരവമായി ആലോചിച്ചു. പിന്നേയും പിന്നേയും ആലോചിച്ചു (ചിരി). അതികഠിനമായി ആലോചിച്ചു. ഇപ്പോഴും ആലോചിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഇനിയും ഒരു തീരുമാനത്തിലെത്തികഴിഞ്ഞിട്ടില്ല (ചിരി). പാഠ്യപുസ്തകങ്ങൾ തക്കസമയത്തു കിട്ടുന്നില്ലെന്നു പറഞ്ഞതു അക്ഷരംപ്രതി പരമാർത്ഥമാ

* Speech not corrected by the Hon'ble Member

LIBRARY ARCHIVES Kerala Legislative Assembly

ണ്ട്. ഇങ്ങിനെ കിട്ടിയതുകൊണ്ട് വല്ല കാര്യവുമുണ്ടോയെന്നാണ് ഞാൻ ആലോചിക്കുന്നതു് (ചിരി). പാഠ്യപുസ്തകങ്ങളും കിട്ടുന്നതു പഠിക്കുവാനാണ്. കുട്ടികളും പഠിക്കണമെന്നുണ്ടെങ്കിൽ അദ്ധ്യാപകന്മാർ ആവശ്യമാണ്. ഒരു സ്കൂളുകളിലും വേണ്ടിടത്തോളം അദ്ധ്യാപകന്മാരില്ല. ഒരു നിലയിലും കുട്ടികളെക്കൊണ്ടു പഠിക്കുവാൻ നിവൃത്തിയില്ല. ഞങ്ങളുടെ തുപ്പുണിത്തുറ ഹൈസ്കൂളിൽ ഇതേവരെ ഒമ്പതു അദ്ധ്യാപകന്മാരുടെ കുറവുണ്ട് എന്നാണ് ഹെഡ്മാസ്റ്ററിൽ നിന്നും അറിയുന്നതു്. ഏതോ ഒരു ഹൈസ്കൂളിൽ ഒരു കുട്ടി മാസംകഴിഞ്ഞു ൪-ാംനു- വെളിച്ചമായപ്പോൾ, അതായതു സ്കൂൾ സമയമായപ്പോൾ അദ്ധ്യാപകന്റെ മേശപ്പുറത്തു ൪ ക. ഫീസ്സു കൊടുക്കേണ്ടതിനുപകരം ൨½ ക. കൊണ്ടുവന്നുവെച്ചുവത്രെ. ഫീസ്സു ൪ക. വേണ്ടതിനു പകരം ൨½ ക. മാത്രമുള്ളതു് എന്താണെന്നു് അദ്ധ്യാപകൻ ചോദിച്ചപ്പോൾ പത്തു അദ്ധ്യാപകന്മാർ ഉണ്ടായിരുന്നേടത്തു ഇപ്പോൾ അഞ്ചു അദ്ധ്യാപകന്മാർ മാത്രമെ ഇപ്പോൾ ഉള്ളു. അതുകൊണ്ടു പകുതി ചിലവുമാത്രമെ ഗവണ്മെണ്ടിനു വരുന്നുള്ളുവല്ലൊ. ആ നിലക്കു പകുതി ഫീസ്സു തന്നാൽ പോരെയെന്നാണ് ആ കുട്ടി പറഞ്ഞതു്. പക്ഷെ, ഫീസ്സു മുഴുവൻ മേടിക്കുകതന്നെ ചെയ്തു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പത്തു അദ്ധ്യാപകന്മാർക്കുടിയാണോ ഒരു കുട്ടിയെ പഠിപ്പിക്കുന്നതു്?

മിസ്റ്റർ പി. നാരായണമേനോൻ: പഠിപ്പിക്കും, പഠിപ്പിക്കും. പഠിപ്പിക്കുവാൻ വേണ്ടതു അദ്ധ്യാപകന്മാർ ഇല്ലാതിരിക്കുന്നേടത്തോളംകാലം എന്തിനാണു് ഈ പാഠ്യപുസ്തകങ്ങളെന്നു ഞാൻ ചോദിക്കുന്നതു്. ഒന്നാമതു വർഷക്കാലം; വഴിയാണെങ്കിൽ വളരെ മോശം; വാഹനങ്ങളുടെ ഗതാഗതമാണെങ്കിൽ വളരെ കുറവു; ഇങ്ങിനെയുള്ള ഈ കാലത്തു കടയും, മുണ്ടും ഇതെല്ലാം ഭേസിനൊണ്ടു് പോകുന്ന കുട്ടികൾ വെറുതെ പുസ്തകത്തിന്റെ ഭാരവുംകൂടി വഹിക്കണമെന്നു വരുന്നതു് കഷ്ടാൽ കഷ്ടതരമാണു്. പഠിപ്പിക്കുവാൻ അദ്ധ്യാപകന്മാർ വേണ്ടിടത്തോളം ഇല്ലെങ്കിൽ പുസ്തകങ്ങളും കൂടാതെയിരിക്കുകയല്ലെ നല്ലതെന്നു് ഞാൻ ചോദിക്കുന്നു. അതുകൊണ്ടാണു് ഈ പാഠ്യപുസ്തകങ്ങൾ ശരിക്കു, തക്കസമയത്തു്, കിട്ടിയില്ലെങ്കിൽ മേലിൽ കിട്ടണമെന്നു വകുപ്പദ്ധ്യക്ഷനു ഉറപ്പായിട്ടു പറയത്തക്കവിധത്തിലുള്ള ഈ ഖണ്ഡനോപക്ഷേപത്തെ അനുകൂലിക്കണമോ, പ്രതികൂലിക്കണമോയെന്നു സംശയിക്കുവാനുണ്ടായ കാരണം. ഏതായാലും പുസ്തകങ്ങളും ശരിക്കു കിട്ടുന്നില്ലെന്നു് ഏവക്കുമറിയാം. ഇതിനുള്ള കാരണങ്ങളും എന്താണെന്നു് പല പ്രാവശ്യവും ഞാൻ അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ടു്. എനിക്കു ഇതിന്റെ രഹസ്യങ്ങളും മുഴുവൻ പൂർണ്ണമായിട്ടു മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ല. ചില പുസ്തകങ്ങളും ഒരു പ്രസ്സുകാക്കു്, ചില പുസ്തകങ്ങളും മറെറാരു പ്രസ്സുകാക്കു; ഇതു് ഏതെല്ലാം പ്രസ്സുകാരെയാണു് ഏല്പിക്കുന്നതു്. ആരാണു് ഏല്പിക്കുന്നതു്. എന്തെല്ലാം വ്യവസ്ഥകളോടുകൂടിയാണു് ഏല്പിക്കുന്നതു്. ഈ വക സംഗതികളൊന്നും സൂക്ഷ്മമായിട്ടു മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ല. ഇതെല്ലാം ശരിയായിട്ടു മനസ്സിലാക്കുന്നുമെന്നുള്ള ഉദ്ദേശം ഗവണ്മെണ്ടിനില്ലെന്നു തോന്നുന്നു. ഗവണ്മെണ്ടു് ഇതിന്റെ ഉത്തരവാദിത്വം ഏറെറടുത്തിരിക്കുന്ന സ്ഥിതിക്കു പുസ്തകങ്ങളും അതാതുസമയത്തു് കിട്ടാതെ വരികയാണെങ്കിൽ നിശ്ചയമായിട്ടും അതിന്റെ ഉത്തരവാദിത്വം, അല്ലെങ്കിൽ അതിന്റെ കുറവു പരിപൂർണ്ണമായിട്ടും ഗവണ്മെണ്ടു് ഏറെറടുക്കുകതന്നെ വേണം. എനിക്കു ഇതിൽ കൂടുതലായിട്ടു ഇതിനെക്കുറിച്ചു ഒന്നുംപറയുവാനില്ല. പാഠ്യപുസ്തകങ്ങളും, ആവശ്യമുള്ളേടത്തോളം അദ്ധ്യാപകന്മാരേയും വിദ്യാലയങ്ങളിൽ നിയമിച്ചുകിട്ടിയാൽ കൊള്ളാമെന്നു് എനിക്കു് അഭിപ്രായമുണ്ടു്, കഴിഞ്ഞ കൊല്ലവും ഇതുപോലെതന്നെ അദ്ധ്യാപകന്മാർ വേണ്ടിടത്തോളമില്ലെന്നുള്ള ആക്ഷേപം ഉണ്ടായിരുന്നു. ഇനി മേലിലും ആക്ഷേപം ഉണ്ടാകാനാണു് പോകുന്നതെന്നു തോന്നുന്നു. അതുകൂടാതെ കഴിച്ചാൽ കൊള്ളാമെന്നു് ആഗ്രഹമുണ്ടു്. പഠിപ്പിക്കണമെന്നുണ്ടെങ്കിൽ അദ്ധ്യാപകന്മാർ വേണം; പുസ്തകവും വേണം. അതുകൊണ്ടു് ഓരോ സ്കൂളുകളിലേക്കും വേണ്ടിടത്തോളം അദ്ധ്യാപകന്മാരെ വേണ്ടസമയത്തു വെക്കുന്നതിനും വേണ്ട പാഠപുസ്തകങ്ങളും കുട്ടികൾക്കു തക്ക സമയത്തു കിട്ടത്തക്കവണ്ണവും വേണ്ട ഏർപ്പാടു മേലിലെങ്കിലും വകുപ്പദ്ധ്യക്ഷൻ വേണ്ടനടപടികളെടുത്താൽ കൊള്ളാമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് എന്റെ പ്രസംഗത്തെ അവസാനിപ്പിച്ചുകൊള്ളുന്നു.

Mrs. T. Francis *(Ernakulam Women)*: Sir, I rise to support this Cut Motion. Generally students enter school with a determination and zeal for study. In course of time, to many a student the arduous task of studying becomes rather unpleasant and boring. However, when a student is promoted to a higher class his desire and aptitude for study revive. If at that juncture,

LIBRARY ARCHIVES Kerala Legislative Assembly

text books are not available, it is but natural that his enthusiasm for study dies out and his-attention is deverted to wrong and undesirable direction. He becomes idle and mischievous. The non-availability of text books will have a very bad psychological effect on him. I request, therefore, the Government and all authorities concerned to make books and other requirements for study available for students before the re-opening of schools. With these remarks I once again strongly support this motion.

മിസ്റ്റർ സി. ജെ. ചിറയത്ത്: സർ, ഞാൻ ഈ ഖണ്ഡനോപക്ഷേപത്തെ ശക്തിയായി പിൻതാങ്ങി കൊള്ളുന്നു. സ്കൂൾ തുറന്നിട്ട രണ്ടു മാസമായിട്ടും ഇനിയും പുസ്തകങ്ങൾ വേണ്ട വിധത്തിൽ കിട്ടുന്നില്ലെന്നുള്ളതു വെറും ഒരു പരമാർത്ഥം മാത്രമാണു്. എന്നാൽ അങ്ങിനെയുള്ള കാര്യങ്ങൾ കടലാസ്സിന്റെ ക്ഷാമംകൊണ്ടാണെന്നു പറയുന്നതിനും നിവൃത്തിയില്ല. കടലാസ്സിനു് രണ്ടുകൊല്ലം മുമ്പുള്ളതു ക്ഷാമം ഇല്ലെന്നാണു് എന്റെ അറിവു്. എന്തോ ഒരു തകരാറു ഇതിൽ കടന്നു കൂടീട്ടുണ്ടെന്നാണു് തോന്നുന്നതു്. എന്റെ ഓർമ്മ ശരിയാണെങ്കിൽ ൧൯൪൫ അവസാനത്തിൽ ൧൯൪൬-൧൯൪൭ അതായതു് ഈ വിദ്യാഭ്യാസവർഷത്തിൽ പുസ്തകങ്ങൾക്കു മാറ്റമുണ്ടെന്നു ഗസറ്റിൽ പരസ്യം ചെയ്തിരുന്നു. അതിനുശേഷം ടെക്സ്റ്റ് ബുക്കു കമ്മിറ്റി കൂടുകയും ൧൯൪൬-൧൯൪൭ മാറ്റേണ്ടതായ ചില പുസ്തകങ്ങൾ അവർ തീരുമാനിച്ചതായും ഞാൻ കേട്ടിട്ടുണ്ടു്. എന്നാൽ പിന്നീടു ൧൯൪൬-൧൯൪൭ വർഷത്തിൽ പുസ്തകങ്ങൾക്കു മാറ്റമില്ലെന്നു ൧൯൪൬ ഇടവം ൨൰ംന-ലെ ഗസറ്റിൽ പരസ്യം ചെയ്തുകണ്ടു. ഇങ്ങിനെയുള്ളതൊക്കെ നോക്കുമ്പോൾ ഈ ടെക്സ്റ്റ് ബുക്കു കമ്മിറ്റിയുടെ നടത്തിപ്പിൽ എന്തോ പിശകുണ്ടെന്നാണു് വിചാരിക്കേണ്ടതു്. അദ്ധ്യാപകന്മാരോടും, അദ്ധ്യേതാക്കളോടും അനുതാപമുള്ള ബഹുമാനപ്പെട്ട എഡ്യുക്കേഷൻ മെമ്പർ അദ്ദേഹത്തിന്റെ സ്വന്തം നിലയിൽ കുട്ടികളെ ഇത്ര അധികം ഉപദ്രവിക്കുമെന്നു വിചാരിപ്പാൻ വഴി കാണുന്നില്ല. ഗവൺമെണ്ടിന്റെ ഭാഗത്തു കായ്മായ പിശകു വന്നുപോയിട്ടുണ്ടെന്നുള്ളതു് തീർച്ചതന്നെ. അതു കൊണ്ടാണു് ഈ കൊല്ലം കുട്ടികൾ അധികം കഷ്ടപ്പെടേണ്ടി വന്നിട്ടുള്ളതെന്നു് ഞാൻ വിചാരിക്കുന്നു. ആരുടെ കുറ്റംകൊണ്ടാണെന്നു ഗവൺമെണ്ടു അന്വേഷിക്കേണ്ടതാണു്. ഈ വിധത്തിലുള്ള ബുദ്ധിമുട്ടുകൾ മേലിൽ ഉണ്ടാകാതിരിക്കുവാൻ വേണ്ട എല്ലാടുകളും കാലെക്കൂടി ചെയ്യേണ്ടതു് അത്യാവശ്യമാണു്. ഞാൻ ഈ കട്ട്മോഷനെ ശക്തിയായി പിൻതാങ്ങി കൊള്ളുന്നു.

Rao Sahib I. N. Menon *(Director of Public Instruction):* Mr. President, Sir, in trying to speak on this cut motion the first thing that I wish to say is to show that there has been delay this year in coming to a division with regard to the books to be prescribed. But I think, Sir, the circumstances which led to this delay must also be made known to this House in order to come a division. In accordance with the usual practice, the books which had run their term had to be replaced by new books. The Text-book Committee met, books were selected and sufficiently expeditiously the Advisory Committee also met and books meant for prescription were provisionally approved. In this connection I also wish to point out certain difficulties which are being experienced for the first time this year as far as the Text-book Committee is concerned. Normally the books meant for approval were printed. This time quite a large number were sent to us in manuscript as well. Of course, it was quite possible even in the absence of any rules to the effect to say that these books should not be continued. But to do justice not to authors, not to the printers because they have not been printed but to the books themselves, the Committee took some time to go through these books and come to a decision. So due to ciscumstances peculiar this year some amount of time was taken even for the consideration of the books submitted for the approval of this Committee. These bodies are advisory and the Government had to take a decision on the recommendations of this Committee. Of course, Government could as usual automatically have approved of the recommendations of this Committee in which case this dealy would not have taken place. But considering the difficulty experienced by parents and by children and the enormous cost of the books Government wanted to see if there can be any harm in allowing the books already in prescription to continue for another term. I may, on this occasion, invite the attention of some of the Members of this House to the very loud protests against the constant changes of books—the echoes of which are not yet silent, and in order to see that parents and children were not put to unnecessary hardship and expense on account of the frequent change of text books, Government further wanted to find out if without detriment to the progress of education these books could not be allowed to continue. This also took some time with the result that this year Government could arrive at a decision to continue the old text books for some time longer only rather late in the year.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. Govinda Menon *(Ernakulam):* When was the decision taken?

Rao Sahib I. N. Menon *(Director of Public Instruction):* The decision was taken only about the re-opening of the schools

I am not contesting the facts at all. I began by saying all these facts. All that I wanted was that this House should be apprised of the events which led to this delay and the result was that these books could not be made available immediately. Although these books were already prescribed, the printers and pub ishers were under the impression that the term of prescription of these books having run out, they would not be re-prescribed and therefore they did not keep sufficient numbers of these books in stock. So they had to get these books printed and before getting these books printed and published, we had to take another bond to keep these printers and publishers within our power. Add to these, Sir, the difficulty of procuring paper and printing materials. All this put together, it was not possible to make these books available in time this year. The circumstances were unusual. If Government had only taken the line of least resistance and simply approved blind-folded the recommendations of the Advisory Committee and said, "alright, we accept all the new prescriptions" instead of being solicitous of the parents and their purse, there would not have been this ground for this complaint. It is true, there has been delay and I do not at all want to carry on any kind of special pleading. I only want to explain the position in which the Government found themselves and how the delay was caused. Knowing that these circumstances were special this year, I do not think the House need have any apprehension that there might be a recurrence of these circumstances in future, unless of course the Hon'ble Members feel as some have expressed that the Government have become callously indifferent to this particular subject. The Government are already taking steps to see that these things do not recur. In the first place we are going to push back the date of the meeting of the Advisory Committee in such a way that there will be a period of clear six months between the meeting of the Committee and the reopening of schools, so that books prescribed can be considered by the Government and the decision taken upon those prescriptions. I do not propose to belittle the hardship that has been caused. At the same time, I do not think that Government can be held entirely responsible for these circumstances which were partly at any rate beyond their control. References were also made in regard to certain books for the printing and publishing of which the Government are not even distantly responsible. The Hon'ble Member for Ernakulam referred to the Matriculation tests which were being adopted by this Government also for prescription in our High Schools. To some extent, the Advisory Committee and this Department have been taking the line of least resistance by adopting these text books in *to to*. For one thing, the University of Madras and the Government of Madras will have to admit that our standards are at any rate as good as theirs. In the second place, it saves the Government from finding people to make a selection of these special books required for the Matriculation examination. Until this year, there has been no difficulty whatsoever in getting sufficient number of these text books sufficiently early. As the experience in Madras also shows, it has not been possible even for them to bring out their texts in time. I addressed the Registrar of the Madras University and he said he had not those books in stock, they had run out of stock and as soon as reprint was available, sufficient number of books would be released. I am citing this example just to show that difficulties which are supposed to be particularly parochial have been found even in Madras. Mr. President, I am not here to make any defence of what has happened, because what has happened has happened, not because of our indifference, but in spite of us. All that I wish to do is to assure this House that circumstances being peculiar and special, I can assure the Hon'ble Members that with the changes now proposed in the working of the Adivsory Committees and Text Book Committee, it is not likely, humanly speaking, that there would be a recurrence of this mishap in the future. The Government do themselves deeply regret that due to circumstances beyond their control and due partly to their anxiety to save parents from further trouble and expense it was not possible for them to make these books available, in time this year.

Mr. P. Govinda Menon *(Ernakulam):* On a point of information, Sir. The Hon'ble Member for Trichur Women said that the absence of good profit for the publishers is one of the reasons that textbooks are not available.

Rao Sahib I. N. Menon *(Director of Public Instruction):* I cannot say. One thing I can say is that the prices of these books are re-fixed by the Advisory Committee or by the Text Book Committee or by the appropriate body. These bodies which consider these books and their suitability do not accept the prices marked on these books and in prescribing them, re-fixes the

LIBRARY ARCHIVES Kerala Legislative Assembly

prices as one of the conditions of prescription, and up to this minute, no one has failed to accept these prescriptions because of the prices fixed. So I can only conjecture that the prices fixed are sufficiently remunerative, though probably, as the Lady Member said the profits may be less here than in Madras.

Mr. Deputy President: On a point of information. When the price is re-fixed by the Committee, has the publisher to sell at that price to the ordinary book-seller ?

Rao Sahib I. N. Menon *(Director of Public Instruction):* According to the bond which we take from these local publishers, we say that these publishers should make these books available at approved centres at the prices fixed. We do not recognise the middle-man.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഗ്രന്ഥകർത്താക്കന്മാർ ഈ പുസ്തകം കമ്മിറ്റി നിശ്ചയിച്ചിട്ടുള്ള വിലക്കു കൊടുക്കാമെന്നു് സമ്മതിച്ചിട്ടുണ്ടോ ?

റാവു സാഹിബു് ഐ. എൻ. മേനോൻ: അതു സമ്മതിച്ചതിനു ശേഷമാണു് ലീസ്സു് ഉണ്ടാക്കീട്ടുള്ളതു്.

Mr. C. J. Chirayath *(Nellayi):* May I know whether there was any publication in the Gazette in the end of 1119 that there would be a selection of text books for 1120 and 1121.

Rao Sahib I. N. Menon *(Director of Public Instruction):* That notification is issued automatically by the Secretary, so that perhaps the publishers may know what books are going to run out.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, ബഹുമാനപ്പെട്ട വിദ്യാഭ്യാസ മെമ്പർ ഉപേക്ഷ സമ്മതിച്ചതുകൊണ്ടുമാത്രം ഈ കാര്യത്തിൽ ഗവമ്മെണ്ടിന്റെ തെറ്റിനെ ഒഴിവാക്കുവാൻ സാധിക്കുമെന്നു എനിക്കു തോന്നുന്നില്ല. ഈ ഇടവത്തിൽ സ്കൂൾ തുറന്നയവസരത്തിൽ, പാഠപുസ്തക കമ്മിറ്റി നിശ്ചയിച്ച പാഠപുസ്തകങ്ങളിൽ ഗവമ്മെണ്ടു ഒരു ഭേദഗതി വരുത്തിയ്യു് കേവലം വിദ്യാർത്ഥികളുടേയും, അവരുടെ രക്ഷിതാക്കന്മാരുടേയും നന്മയെ മാത്രം ഉദ്ദേശിച്ചാണെന്നു് ഞങ്ങൾ വിശ്വസിക്കുന്നില്ല. ഈ നാട്ടിലെ വിദ്യാഭ്യാസ വിദഗ്ധന്മാരും, വിദ്യാർത്ഥികളുടെയും, പാഠപുസ്തകങ്ങളുടേയും കാര്യത്തിൽ വളരെ കാലത്തെ പഴക്കവും, തഴക്കവുമുള്ള ഒരു കമ്മിറ്റി തീരുമാനിച്ച പുസ്തകങ്ങൾ സ്കൂൾ തുറക്കുന്നതിന്റെ രണ്ടോ, മൂന്നോ ദിവസം മുമ്പു് അതു മാറുവാൻ ഗവമ്മെണ്ടു മുതിരുന്നതുതന്നെ വലിയ ഒരു അപരാധമായിട്ടാണു് ഞാൻ കണക്കാക്കുന്നതു്. ഈവക കാര്യങ്ങളിൽ ഏതൊരു പരിഷ്കൃത ഗവമ്മെണ്ടും ഇതുപോലുള്ള വിദഗ്ധാഭിപ്രായങ്ങൾക്കു വഴങ്ങി കൊടുക്കുകയാണു് ചെയ്യാറുള്ളതു്.

Mr. C. J. Mathew *(Joint Secretary to Government):* A word of explanation, Sir. As a matter of fact it was on representations received by Government from a number of persons, parents and others, that the decision was finally taken that the existing books should be continued for another year.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു എനിക്കു വിശ്വസിക്കുവാൻ സാധിക്കും. ഒരു കൊല്ലത്തിൽ ഒന്നോ, രണ്ടോ കുട്ടികളെ സ്കൂളിൽ പഠിപ്പിക്കേണ്ടതായ രക്ഷിതാക്കന്മാർ ഗവമ്മെണ്ടിനേറയും, ദിവാൻജിയുടേയും മുമ്പിലും സെക്രട്ടറിയേറ്റിലും പോയി ഏതെങ്കിലും സങ്കടപരിഹാരത്തിനു ഹർജി കൊടുക്കുകയെന്നുള്ളതു് എത്രമാത്രം ചിലവും, ബുദ്ധിമുട്ടമുള്ള കാര്യമാണെന്നു നമുക്കു അറിയുവാൻ സാധിക്കും. ഈ ഹർജികളെല്ലാം പുസ്തക കച്ചവടക്കാരുടെ ആവശ്യമാണെന്നു് വിശ്വസിക്കുവാൻ ഈ സഭക്കു വലിയ ബുദ്ധിമുട്ടുണ്ടാകുമെന്നു എനിക്കു തോന്നുന്നില്ല (ഹിയർ, ഹിയർ). ഏതു രക്ഷിതാക്കന്മാരുടേയും ഹർജി വേണമെങ്കിൽ ഞാൻ നാളെ സെക്രട്ടറിയേറ്റിൽ ഹാജരാക്കാം. ഈ ഹർജികളും വന്നതെല്ലാം പുസ്തകകച്ചവടക്കാരുടെ ഹർജിയാണെന്നു് ഞാൻ ധരിപ്പിക്കുന്നു. ഈ കാര്യത്തിന്റെ ഉള്ളിൽക്കൂടി കാണുവാൻ ബഹുമാനപ്പെട്ട ഗവമ്മെണ്ടു സെക്രട്ടിക്കു് കണ്ണില്ലെന്നു ഞാൻ വിചാരിക്കുന്നില്ല. അതുകൊണ്ടു് ഈ വിദഗ്ധസമിതിയുടെ അഭിപ്രായങ്ങളെ ഒരിക്കലും ഗവമ്മെണ്ടു മറച്ചു പ്രവർത്തിക്കുവാൻ പാടുള്ളതല്ല. ആറു കൊല്ലകാലത്തേക്കു ടെക്സ്റ്റു ബുക്കുകളുടെ കാലാവധി നീട്ടികൊടുത്തു. ആറു കൊല്ലമല്ല; അഞ്ചു കൊല്ലത്തേക്കു ടെക്സ്റ്റു ബുക്കുകളുടെ കാലാവധി നീട്ടികൊടുക്കുവാൻ ഞങ്ങൾക്കു വിരോധമില്ല. കുട്ടികളുടെ ബുദ്ധിമുട്ടും, വിദഗ്ധന്മാരുടെ അഭിപ്രായത്തെ അവഗണിച്ചും ഓരോ സ്ഥാപിത താല്പര്യക്കാരുടെ ആവശ്യമനുസരിച്ചു, ഈവക കാര്യങ്ങളെകൊണ്ടു് ഗവമ്മെണ്ടു് ചെറ്റും പറ്റും കളിക്കുന്ന മാതിരി കളിക്കരുതു് എന്നു ഈ സഭ

LIBRARY ARCHIVES Kerala Legislative Assembly

യെ ഉൽബോധിപ്പിക്കുവാൻ എനിക്കു ആഗ്രഹമുണ്ട്. ഈ ടെക്സ്റ്റ്ബുക്കു കമ്മിറ്റിയെ നിയമിച്ചിരിക്കുന്നതു എന്തിനാണു്. ഈ സഭയിൽനിന്നു തിരഞ്ഞെടുത്തുയക്കുന്നവരും, വിദ്യാഭ്യാസമന്ത്രിയും, വിദ്യാഭ്യാസത്തിൽ പരിചയമുള്ളവരുമായ ആളുകൾ അതിൽ പങ്കെടുക്കുന്നുണ്ട്. ഇങ്ങിനെയുള്ള ആളുകളാണു് കുട്ടികളുടെ ആവശ്യത്തിനുള്ള പുസ്തകങ്ങൾ നിശ്ചയിക്കുന്നതു്.

തങ്ങളുടെ പുസ്തകങ്ങൾ കുറച്ചു കാലംകൂടി ജീവിച്ചിരിക്കണമെന്നുള്ള വിചാരം, @ @ വയസ്സായി പെൻഷ്യനാകാനുള്ള ഒരു ഗവർമ്മെണ്ടു ഉദ്യോഗസ്ഥൻ ഒ കൊല്ലംകൂടി കൂട്ടി കിട്ടണമെന്നാഗ്രഹിക്കുന്നതു മാതിരി, തങ്ങളുടെ പുസ്തകങ്ങൾക്കു ഒരു കൊല്ലമോ, അല്ലെങ്കിൽ രണ്ടുകൊല്ലമോ കാലംകൂടി നീട്ടി കിട്ടണമെന്നുള്ള കച്ചവടക്കാരുടെ ആവലാധി, ഗവർമ്മെണ്ടു കേട്ടു് കൊച്ചിയിലെ അനേകായിരംവരുന്ന കുട്ടികളേയും, അദ്ധ്യാപകന്മാരേയും ഈ വിധത്തിലുള്ള ബുദ്ധിമുട്ടുകളേയും, കഷ്ടപ്പാടുകളേയും അനുഭവിപ്പിക്കുന്നതു് ഈ സഭ ഒരിക്കലും അനുവദിക്കുന്നതല്ല. ഇങ്ങിനെ അവധി നീട്ടികൊടുത്തിട്ടും, പുസ്തക കച്ചവടക്കാർ അവരുടെ പുസ്തകങ്ങൾക്കു വില മതിയാകുന്നില്ല, വില മതിയാകുന്നില്ല എന്നുള്ള ഒരാക്ഷേപം പുറപ്പെടുവിക്കുന്നുവെങ്കിൽ ആ ആക്ഷേപം അടിസ്ഥാനരഹിതമാണെന്നു് പറയാതിരിക്കുവാൻ നിവൃത്തിയില്ലയെന്നാണു് എനിക്കു തൃശ്ശിവപേരൂർ വനിതാമെമ്പറെ അറിയിക്കുവാനുള്ളതു്. പുസ്തകങ്ങൾ ടെക്സ്റ്റ്ബുക്കു ആക്കിയെടുക്കുമ്പോൾ, കമ്മിറ്റിയുടെ അടുത്തു ഇന്ന വിലക്കു പുസ്തകം വിറ്റുകൊള്ളാമെന്നു് ബോണ്ടു് എഴുതി കൊടുക്കുക പതിവുണ്ടു്. പിന്നീടു കാലാവധി നീട്ടികിട്ടണമെന്നു് ആ കച്ചവടക്കാർ പറയുന്നതു കുറെകൂടി ലാഭം കിട്ടാനാണെന്നു് നമുക്കു കാണാൻ സാധിക്കും. എനിക്കു ഗവർമ്മെണ്ടിനോടു ഒന്നു പറയുവാനുള്ളതു് ഇതു വ്യാപാരമാക്കി തീർക്കാതിരിക്കണമെന്നാണു്. ഈ കാര്യത്തിൽ ഗവർമ്മെണ്ടിനു വളരെയൊക്കെ ചെയ്യുവാൻ സാധിക്കും. ടെക്സ്റ്റ്ബുക്കു കമ്മിറ്റിയെ നല്ലൊരു കമ്മിറ്റിയാക്കുക. സ്കൂൾ തുറക്കുന്നതിനു അഞ്ചോ, ആറോ മാസങ്ങൾക്കു മുമ്പു കമ്മിറ്റി യോഗംകൂടി പുസ്തകങ്ങൾ നിശ്ചയിക്കുക. ഒരിക്കൽ നിശ്ചയിച്ച തീരുമാനത്തെ മുറുകെ പിടിക്കുക. സ്കൂൾ തുറക്കുന്നതിനു രണ്ടോ, മൂന്നോ മാസംമുമ്പു എത്രത്തോളം പുസ്തകം ആവശ്യമാണോ അത്രയും പുസ്തകങ്ങൾ കച്ചവടക്കാരെ ബോദ്ധ്യപ്പെടുത്തുകയും, അതു വേണ്ടസമയത്തു കൂട്ടികൊടുക്കു സപ്ലൈ ചെയ്യുവാനുള്ള വ്യവസ്ഥ ചെയ്യുകയും, ഇതു ഒരു വ്യാപാരമാക്കി തീർക്കുന്ന നില വരുത്താതിരിക്കുകയും ചെയ്യേണ്ടതാണു്.

ബഹുമാനപ്പെട്ട വിദ്യാഭ്യാസമെമ്പർ പറഞ്ഞ ഒരു വിഷയത്തിൽ കുറച്ചുകൂടി സംശയമുണ്ടു്. അതായതു് സാധാരണ അച്ചടിച്ച പുസ്തകങ്ങൾമാത്രമേ ഈ കമ്മിറ്റി പ്രിസ്ക്രൈബ് ചെയ്യുക പതിവുള്ളുവെന്നു്. എന്നാൽ ഈ ടെസ്റ്റ്ബുക്കു കമ്മിറ്റി സാങ്കേതികമായ ചില കാരണങ്ങൾകൊണ്ടു് പുസ്തകങ്ങൾ തള്ളി കളഞ്ഞതായിട്ടു എനിക്കു ഓർമ്മയുണ്ടു്.

Rao Sahib I. N. Menon *(Director of Public Instruction)*: On a point of information, I may say that it is unusual to get written manuscripts; mostly they are printed copies. This time we had even a fairly large number of manuscript copies.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഈ തവണത്തെ ടെക്സ്റ്റ്ബുക്കു കമ്മിറ്റി അവരുടെ രീതി മാറ്റുവാനും, കയ്യെഴുത്തു പ്രതികൾകൂടി നോക്കി പുസ്തകങ്ങൾ പ്രിസ്ക്രൈബ് ചെയ്യുവാൻ ചിലർ അടുത്തു സമീപിക്കുവാനും കാരണം എന്താണെന്നു് മനസ്സിലാകുന്നില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു ആ പുസ്തകങ്ങളോടു ചെയ്ത ഒരു നീതിമാത്രമായിരുന്നു എന്നാണു്. വളരെ വിശേഷപ്പെട്ട സാഹിത്യമായിരിക്കും അതു്. അതായതു് "ഷാജിഹാന്റെ മകളാണു് ടാജ്മഹാൾ" എന്നുള്ള അപകടങ്ങൾ എഴുതി പിടിപ്പിച്ചിട്ടുള്ള പുസ്തകങ്ങളുടെ കയ്യെഴുത്തു പ്രതികൾ പരിശോധിച്ചു പ്രിസ്ക്രൈബ് ചെയ്യുന്നുവെന്നുള്ള.....

റാവു സാഹിബ്ബു് ഐ. എൻ. മേനോൻ: ഈ മാതിരിയുള്ള അത്യാഹിതം ഇനി വരാതിരിക്കുവാൻ നോക്കുന്നതാണു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അത്രമാത്രം ശ്രദ്ധ ഈ കാര്യത്തിലില്ല. ടെക്സ്റ്റ്ബുക്കു കാര്യത്തിൽ ഗവർമ്മെണ്ടിന്റെ അപ്പീൽ കേൾക്കലും മറ്റും, വളരെ വിശേഷമായിരിക്കും. മലയാളത്തിന്റെ യാതൊരു വിവരവുമില്ലാത്ത ദിവാൻജിക്കു മലയാളം ടെക്സ്റ്റ്ബുക്കുകളെപ്പറ്റി അറിയുവാൻ വിഷമമാണു്. സർ ജോജ്ജു് ബോഗ് ആ സ്ഥാനത്തു വന്നിരിക്കുകയില്ല. ഒരുപക്ഷെ സാഹിത്യകോവിദന്മാരായ നമ്മുടെ സിക്രട്ടറിമാരായിരിക്കും അപ്പീൽ കേട്ടു തീർപ്പു ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

Mr. C. J. Mathew *(Joint Secretary to Government):* Sir, I have to make a statement, The Hon'ble Member presumes that it was due to undue influence.....

Mr. P. Govinda Menon *(Ernakulam):* Not undue influence, but representations.

Mr. C. J. Mathew *(Joint Secretary to Government):* As a matter of fact, the Government did investigate into the details. The Government were never biased in any way, never influenced by any party; they considered the economic aspect of the matter and came to the decision of their own accord in the interest of the parents and the students that the existing text books may be continued. They viewed the delay with the gravest concern and have also issued orders to the Director of Public Instruction to the effect that hereafter this prescription of text books should be completed six months in advance of the reopening of the schools, so that, I believe, hereafter this will never be repeated and the text books will be made known to the public at least six months before the opening of the schools.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, ബഹുമാനപ്പെട്ട സെക്രട്ടറി പറയുന്നതു് മുഴുവനും ഞാൻ വിശ്വസിക്കുന്നു. ഈ കാര്യത്തിൽ ഗവർമ്മെണ്ടു യാതൊരു സ്വാധീനശക്തിക്കും വഴിപ്പെട്ടിട്ടില്ലെന്നാണു് അദ്ദേഹം പറയുന്നതു്. ഒരു വിദ്യാസമിതിയുടെ തീർപ്പിൽ ഗവർമ്മെണ്ടിന്റെ അധികാരബലം പ്രയോഗിച്ചുവെന്നു ഞാൻ പറയുന്നു. അതുകൊണ്ടു് ഈ കാര്യത്തിൽ ഈ സഭ ശക്തിയായിട്ടുള്ള ഒരു നിലതന്നെയാണു് കൈകൊള്ളുവാൻ തീർച്ചയാക്കിയിരിക്കുന്നതു്. കുട്ടികളുടെ വിദ്യാഭ്യാസത്തിന്റെ പേരിൽ ചെയ്തിട്ടുള്ള അനീതിയേയും, ഗവർമ്മെണ്ടു തീരുമാനിച്ചിട്ടുള്ള ടെക്സ്റ്റ്ബുക്കു കമ്മിറ്റി വിദ്യാമന്ദിരാടെ ചെയ്തിട്ടുള്ള അക്രമത്തേയും, ഈ സഭക്കു ഒരിക്കലും അനുവദിക്കുവാൻ നിവൃത്തിയില്ലാത്തതുകൊണ്ടു് ഈ പ്രമേയം വോട്ടിന്നിടണമെന്നു ഞാൻ ഗവർമ്മെണ്ടിനോടു് അപേക്ഷിക്കുന്നു.

Cut Motion put and carried

CUT MOTION No. 35

Inordinate delay in granting educational concessions to the dependents of Military employees

Mr. K. S. Panicker *(Trichur-Ezhuvas):* The cut motion is "To reduce the allotment of Rs. 1,16,982 Direction and Inspection in Demand No. 21 by Re. 1 to criticise the system of procedure adopted by the Government resulting in the inordinate delay for the enjoyment of educational concessions to the dependents of Military employees."

സർ, യുദ്ധസേവനത്തിന്നു പോയിട്ടുള്ളവരുടെ ആശ്രിതന്മാർക്കു വിദ്യാഭ്യാസാനുകൂല്യങ്ങൾ ചെയ്തു കൊടുക്കുന്നതിൽ വന്നുചേരുന്ന വിഷമതകളും കാലതാമസവും ഗവർമ്മെണ്ടിന്റെ ശ്രദ്ധയിൽപ്പെടുത്തി അതിന്നു ഒരു പരിഹാരം ഉണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഞാൻ ഈ ഖണ്ഡനോപക്ഷേപം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. ഇതിനെ സംബന്ധിച്ചു ൧൯൪൪ ഡിസമ്പർ ൨൦-ാംനു- നു ൧൯൪൫-ാംനമ്പ്രായി ഒരു ഗവർമ്മെണ്ടു ഓർഡർ ഉണ്ടു്. ഇതിൽ യുദ്ധസേവനത്തിന്നു പോയിട്ടുള്ളവരുടെ കാര്യക്കോ, മക്കൾക്കോ, സഹോദരന്മാക്കോ, സഹോദരികൾക്കോ പുസ്തകങ്ങൾ മുതലായവ സൌജന്യമായിട്ടു കൊടുക്കുക; ഫീസ്സു ഇളവുചെയ്തു കൊടുക്കുക; എന്നുള്ളതാണു് ഈ ഓർഡർകൊണ്ടുദ്ദേശിച്ചിട്ടുള്ളതു്. അതിൽ പ്രത്യേകിച്ചു പറഞ്ഞിട്ടുള്ളതു് ഇരു ഉറപ്പികയിൽ കവിഞ്ഞ ആദായം കിട്ടുന്നവർക്കു് മാത്രമെ ഫീസ്സു ചുമത്താവുവെന്നുണ്ടു്. അതായതു മിലിട്ടറി ഡിപ്പാർട്ടുമെണ്ടിൽ നു ൦ ൦ക. യിൽ കവിഞ്ഞ ആദായമുള്ളവർക്കു മാത്രമെ ഫീസ്സു ചുമത്താൻ പാടുള്ളുവെന്നുണ്ടു്. എന്നാൽ നു ൦ ൦ക. യെന്നുള്ളതു് ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനു അയാളുടെ ശമ്പളത്തിൽ വളരെ കവിഞ്ഞ സംഖ്യ അലവൻസ്സായിട്ടു കിട്ടുന്നുണ്ടെങ്കിൽ അതു അവരുടെ ശമ്പളമായിട്ടു കണക്കാക്കുകയില്ല. അവരുടെ ശരിയായിട്ടുള്ള ശമ്പളം മാത്രമെ കണക്കാക്കുകയുള്ളു. ൧൫൦ക.യോ, ൨൦൦ക.യോ ശമ്പളമുള്ള ഒരു ഉദ്യോഗസ്ഥനു ൫൦൦ക.യോ, നു൦൦ക.യോ അലവൻസ്സു സഹിതം കിട്ടുന്നുണ്ടായിരിക്കും. വീട്ടിലേക്കു വലിയ ഒരു സംഖ്യ അയക്കുന്നുണ്ടായിരിക്കും. അതു ഒരു വരവായിട്ടു കണക്കാക്കുവാൻ പാടില്ലെന്നു ആ ഓർഡറിൽ പ്രത്യേകിച്ചു പറഞ്ഞിട്ടുണ്ടു്. ൨൦൦ക. ശമ്പളമുണ്ടെങ്കിൽ അതു മാത്രമെ ശമ്പളമായിട്ടു കണക്കാക്കുവാൻ പാടുള്ളു. ഇതുപോലെതന്നെ സെക്കണ്ടറി സ്കൂളുകളിലേക്കും, കോളേജു ക്ലാസ്സുകളിലേക്കുമുള്ള പ്രത്യേക നിബന്ധനകൾ പറഞ്ഞിട്ടുണ്ടു്. അതെവിധത്തിലുള്ള ഒരു നിശ്ചയം വെച്ചുകൊണ്ടു് ഇവിടെയും അതുപോലെ ചെയ്തുകൊടുക്കണമെന്നുള്ളതാണു്. നമ്മുടെ നാട്ടിൽനി

LIBRARY ARCHIVES Kerala Legislative Assembly